**വിദൂര വിദ്യാഭ്യാസം - രണ്ടാം വർഷ എം എ /എം എസ് സി /എം കോം (ജൂൺ 2020) - പ്രായോഗിക / വാചാ പരീക്ഷാ നടത്തിപ്പിനുള്ള നിർദ്ദേശങ്ങൾ**

1. പ്രായോഗിക / പ്രോജക്ട് / വാചാ പരീക്ഷകൾ നിലവിലുള്ള കോവിഡ് - 19 മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് നടക്കുന്നത് എന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ് .പ്രവേശന കവാടത്തിൽ തെർമൽ സ്കാനർ ഉപയോഗിച്ച് ശരീരോഷ്മാവ് പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

2.പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ / എക്സാമിനർമാർ മുഖാവരണം ധരിക്കേണ്ടതും , കൈകൾ സാനിട്ടൈസ് ചെയ്യേണ്ടതും ,കമ്പ്യൂട്ടർ ഉപയോഗിക്കുമ്പോൾ കയ്യുറ (Gloves)ധരിക്കേണ്ടതുമാണ് .

3. പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ ഇരിപ്പിട ക്രമീകരണം സാമൂഹിക അകലം പാലിച്ച് കൊണ്ടാണെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

4 . പരീക്ഷയ്ക്ക് മുൻപും ആവശ്യമായ ഇടവേളകളിലും പരീക്ഷാ ഹാൾ / ലാബ് അണുവിമുക്തമാക്കേണ്ടതാണ് .

5. പരീക്ഷ കഴിഞ്ഞ വിദ്യാർത്ഥികളും ,പരീക്ഷയ്ക്ക് കാത്തിരിക്കുന്ന വിദ്യാർത്ഥികളും കൂട്ടം കൂടാത്ത വിധത്തിൽ പരീക്ഷാ ഹാളിലേക്ക് / ലാബിലേക്ക് സുഗമമായ പ്രവേശനം ഉറപ്പ് വരുത്തേണ്ടതാണ് .

6. കണ്ടൈൻമെൻറ് സോണിൽ നിന്ന് വരുന്നതും ക്വാറന്റീനിൽ കഴിയുന്ന വിദ്യാർത്ഥികളും വിവരം മുൻകൂട്ടി അറിയിച്ച് പരീക്ഷയ്ക്ക് പ്രത്യേക സൗകര്യം ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഒപ്പ് /

അസിസ്റ്റന്റ് രജിസ്ട്രാർ I
(പരീക്ഷാ വിഭാഗം)